# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6769 — 10.07.2014 - ൽ മറുപടിക്ക്

## പത്തനംതിട്ട ജില്ലയിലെ ഗ്രേഡ് II നഴ്സുമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; | എ) | പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 5 ഒഴിവുകളാണുള്ളത്. |
| ബി) | പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; | ബി) | നിലവിലുണ്ട്. |
| സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ 14 പേരെ നിയമിച്ചിട്ടുണ്ട്. |
| ഡി) | ഈ വിഭാഗത്തിന്റെ ജില്ലയിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് അറിയിക്കുമോ ; | ഡി) | പ്രസ്തുത വിഭാഗത്തിന്റെ പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് സ്ട്രെങ്ത് 171 ആണ്. |
| ഇ) | അതിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | ഇ) | നിലവിൽ 5 പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. |
| എഫ്) | പത്തനംതിട്ട ജില്ലാതല ലിസ്റ്റിൽ നിന്നും എന്നാണ് അവസാനമായി പ്രമോഷൻ നടന്നതെന്ന് വെളിപ്പെടുത്തുമോ ; | എഫ്) | 26.10.2013-ൽ |
| ജി) | നാളിതുവരെ എത്ര ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി. യ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ജി) | ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| എച്ച്) | ഒഴിവുള്ള പോസ്റ്റുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; | എച്ച്) | പി.എസ്.സി. യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |
| ഐ) | ഈ തസ്തികയിൽ ജില്ലയിലുള്ള താൽക്കാലിക നിയമനങ്ങൾ എത്രയെന്ന് അറിയിക്കുമോ ; | ഐ) | പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ 5 പേരാണ് താത്ക്കാലികമായി ജോലി ചെയ്യുന്നത്. |
| ജെ) | നിലവിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ള തസ്തികയിലേക്ക് പി.എസ്.സി വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | ജെ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ